"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്- സൈനിക സേവനത്തിനിടെ വടക്കൻ സിക്കിമിൽ വച്ച് മരണപ്പെട്ട നായിക് വൈശാഖ് എസ് -ന്റെ ഭാര്യ ശ്രീമതി ഗീത ആർ-ന് ട്രഷറി വകുപ്പിൽ പാലക്കാട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(കൈ) നം.30/2023/SWD തീയതി,തിരുവനന്തപുരം, 08-12-2023

പരാമർശം:-
1. 29.04.2002 ലെ സ.ഉ(പി) 110/02/പൊ.ഭ.വ നമ്പർ ഉത്തരവ്
2. 22.11.2023 ലെ സ.ഉ(കൈ)നം.28/2023/SWD നമ്പർ ഉത്തരവ്
3. ട്രഷറി ഡയറക്ടറുടെ 02.11.2023 ലെ TRY/3447/2023-B7 നമ്പർ കത്ത്.

**ഉത്തരവ്**

1. സൈനിക സേവനത്തിനിടെ 23.12.2022 ന് നോർത്ത് സിക്കിമിൽ ഓപ്പറേഷൻ Snow Leopard ന് ഇടയിൽ ALS (മിലിട്ടറി വാഹനം) മറിഞ്ഞുണ്ടായ അപകടത്തിൽ മരണപ്പെട്ട നായിക് വൈശാഖ് എസ് ന്റെ ഭാര്യ ശ്രീമതി ഗീത ആർ ന് പരാമർശം 1 ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പാലക്കാട് ജില്ലയിൽ ക്ലർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പാലക്കാട് ജില്ലയിൽ ക്ലർക്ക് തസ്തികയിൽ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണെന്നും പരാമർശം 2 ൽ ഉത്തരവായിരുന്നു.

2. തൊഴിൽ സഹായം നൽകുന്നതിനായി ട്രഷറി വകുപ്പിൽ പാലക്കാട് ജില്ലയിൽ ക്ലർക്ക് തസ്തികയിൽ ഒരു ഒഴിവ് ലഭ്യമാണെന്ന് പരാമർശം 3 ലെ കത്ത് പ്രകാരം ട്രഷറി വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ഈ സാഹചര്യത്തിൽ 23.12.2022 ന് നോർത്ത് സിക്കിമിൽ ഓപ്പറേഷൻ Snow Leopard ന് ഇടയിൽ ALS (മിലിട്ടറി വാഹനം) മറിഞ്ഞുണ്ടായ അപകടത്തിൽ മരണപ്പെട്ട പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ മാധൂർ 1 വില്ലേജിൽ ചെങ്കനിയൂർകാവ്, പുത്തൻവീട്ടിൽ വൈശാഖ് എസ്. ന്റെ ഭാര്യ ശ്രീമതി ഗീത ആർ -ന് പരാമർശം 1 ഉത്തരവിലെ വ്യവസ്ഥകൾ

പ്രകാരം, ട്രഷറി വകുപ്പിൽ പാലക്കാട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം നിയമനം നൽകി ടിയാരിയെ പാലക്കാട് ജില്ലയിൽ ട്രഷറി വകുപ്പിൽ നിയമിക്കുന്നതിനുള്ള നടപടി ട്രഷറി വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

4. പ്രസ്തുത നിയമനത്തിന് ചുവടെ ചേർക്കുന്ന നിബന്ധനകൾ ബാധകമായിരിക്കുന്നതാണ്.

1. ഒരിക്കൽ സ്വീകരിച്ച നിയമനം അന്തിമമായിരിക്കും. നിയമന മാറ്റം അനുവദിക്കുന്നതല്ല.

2. നേരിട്ട് നിയമനം നേടുന്ന ജീവനക്കാരെപ്പോലെ തന്നെ ഈ പദ്ധതി പ്രകാരം നിയമനം ലഭിച്ചവർക്കും സ്വഭാവ സർട്ടിഫിക്കറ്റും മറ്റ് ഔപചാരികതകളും ബാധകമാണ്.

3. ഈ പദ്ധതി പ്രകാരം നിയമനം ലഭിക്കുമ്പോൾ ഹാജരാക്കുന്ന യോഗ്യതകളോ, വസ്തുതകളോ പിന്നീട് തെറ്റാണെന്ന് തെളിഞ്ഞാൽ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതായിരിക്കും.

4. അപേക്ഷകന് നിയമന ഉത്തരവ് നൽകിയ വിവരം ട്രഷറി വകുപ്പ് ഡയറക്ടർ സർക്കാരിനെ അറിയിക്കേണ്ടതാണ്.

5. നിയമനം കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്-

1. ശ്രീമതി ഗീത ആർ, അരിമ്പ്രതൊടി ഹൗസ്, കൊട്ടേക്കാട് പി.ഒ, മലമ്പുഴ വില്ലേജ്, പാലക്കാട്-678 571. (രജിസ്റ്റേർഡ് തപാലിൽ അക്നോളജ്മെന്റ് സഹിതം)

2. ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം. ( അപേക്ഷയും അനുബന്ധ രേഖകളും സഹിതം).

3. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

5. അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം.

6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.

7. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Jenshar
സെക്ഷൻ ഓഫീസർ
Date: 08-12-2023 14:22:11